LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേരി ടെക്നിക്കൽ സ്കൂളിൽ പുതിയ ട്രേഡുകൾ

22 [5787] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ടെക്നിക്കൽ സ്കൂളിൽ പുതിയ ട്രേഡുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അദ്ധ്യയന വർഷം ട്രേഡുകൾ തുടങ്ങാൻ കഴിയുമോ;

(സി) ഇല്ലെങ്കിൽ ഇത് എന്നത്തേയ്ക്ക് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

കാലടി സംസ്കൃത സർവ്വകലാശാലയിൽ നടത്തിയ ക്രമവിരുദ്ധ നിയമനങ്ങൾ

23 [5793] ശ്രീ. കെ. മുഹമ്മദാലി:
,, എൻ. ശക്തൻ:
,, സി. പി. മുഹമ്മദ്:
,, ഡി. സുഗതൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ നിയമനങ്ങളിൽ എത്രയെണ്ണം ക്രമവിരുദ്ധമാണെന്ന് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എന്തു നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടത്തിയ നിയമനം ക്രമവിരുദ്ധമാണെന്ന് ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് സർവ്വകലാശാല നൽകിയ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ വിശദമായ റിപ്പോർട്ട് സർവ്വകലാശാലയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

24 [5800] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ ഉള്ളവ കുറയ്ക്കുന്നതിനോ കേന്ദ്രത്തോട് ശുപാർശ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?